# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3686** **20/10/2016 ൽ മറുപടി**

## <u>സ്കൂളുകൾ അന്തർദേശീയ നിലവാരത്തിലാക്കുന്നതിനുള്ള നടപടി</u>

| | <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|---|
| | **ശ്രീ. ടി.എ.അഹമ്മദ് കബീർ** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) | പുതുക്കിയ 2016-17 ബഡ്ജറ്റ് പ്രസംഗത്തിലെ അന്തർദേശീയ നിലവാരമുള്ള 1000 സ്കൂളുകൾ 5 വർഷം കൊണ്ട് യഥാർത്ഥ്യമാക്കുമെന്ന പ്രസ്താവനയിന്മേൽ എന്തൊക്കെ നടപടികൾ സർക്കാരും വിദ്യാഭ്യാസ വകുപ്പും സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) | പുതുക്കിയ 2016-17 ബജറ്റ് പ്രസംഗത്തിലെ അന്തർദേശീയ നിലവാരത്തിലുള്ള 1000 സ്കൂളുകൾ 5 വർഷം കൊണ്ട് യഥാർത്ഥ്യമാക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിലേയും ഒരു സ്കൂളിനെയാണ് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | 2016-17 ലെ ബജറ്റിൽ പ്രഖ്യാപിച്ച 'ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാര മുള്ള ഒരു സ്കൂൾ' എന്ന പദ്ധതി പ്രകാരം സ്കൂൾ തെരഞ്ഞെടുക്കുന്നത് സ്ഥലം എം.എൽ.എ.-യുടെ ശിപാർശ കൂടി പരിഗണിച്ചാണ്. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും, ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളുള്ളതുമായ സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. |
| (സി) | കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലെയും മിനിമം ഒരു സ്കൂളിനെയെങ്കിലും ഇതിനായി തെരെഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ